**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 94** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവേയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സമഗ്ര ഡിജിറ്റൽ സർവേ നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി ആരംഭിച്ച് മൂന്ന വർഷം പിന്നിട്ടിട്ടും ഒന്നാം ഘട്ടത്തിൽ പ്രഖ്യാപിച്ച ഇരുന്നൂറ് വില്ലേജുകളിലെ സർവേ പോലും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ഡിജിറ്റൽ സർവെ പദ്ധതി ഉദ്ദേശിച്ച നിലയിൽ തന്നെ മുന്നോട്ട് പോകുകയാണ്. ഒന്നാം ഘട്ടത്തിൽ പ്രഖ്യാപിച്ച 200 വില്ലേജുകളിൽ 167 വില്ലേജുകളും രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ 8 വില്ലേജുകളും ചേർത്ത് ആകെ 175 വില്ലേജുകളിൽ ഫീൽഡ് സർവെ പൂർത്തിയാക്കി സർവെ അതിരടയാള നിയമത്തിലെ 9(2) വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞു. ഈ മാസം തന്നെ ഒന്നാം ഘട്ടത്തിൽ ബാക്കിയുള്ള എല്ലാ വില്ലേജുകളുടെയും 9(2) പ്രസിദ്ധീകരിക്കും. ഇതിനോടൊപ്പം രണ്ടാം ഘട്ടത്തിലെ 200 വില്ലേജുകളുടെയും സർവെ വലിയ നിലയിൽ പുരോഗമിച്ചു വരികയാണ്. ഇതിനകം നാല് ലക്ഷം ഹെക്ടർ ഭൂമിയാണ് സർവെ ചെയ്തിട്ടുള്ളത്. 01/11/2022 ൽ ഔപചാരികമായി ഡിജിറ്റൽ സർവെ നടപടികൾ ആരംഭിച്ചെങ്കിലും പൂർണ തോതിൽ സർവെ പ്രവർത്തനങ്ങൾ തുടങ്ങിയത് 02/08/2023 ന ശേഷമാണ്. 2022 നവംബർ മുതൽ 2023 ജൂലൈ വരെയുള്ള കാലഘട്ടത്തിൽ താരതമ്യേന കുറഞ്ഞ വിസ്തൃതി മാത്രമാണ് സർവെ ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. ഇതിനു കാരണം ആധുനിക സർവെ ഉപകരണങ്ങൾ പൂർണമായും ലഭ്യമാകുകയും സർവെയ്ക്ക് വേണ്ടി സജ്ജമാകുകയും ചെയ്തത് 2023 ജൂലൈ മാസത്തിൽ മാത്രമാണ്. കൂടാതെ ഡിജിറ്റൽ സർവെയ്ക്ക് ആവശ്യമായ നിയമ ഭേദഗതികൾ, Standard Operating Procedure, മുൻ സർവെ റെക്കോർഡുകളുടെ ശേഖരണവും ഡിജിറ്റൈസേഷനും, ഭൂപടങ്ങളുടെ വെക്ടറൈസേഷൻ, റവന്യൂ റെക്കോർഡുകളുടെ പരിശോധനയും, തിരുത്തലും (ReLIS Data purification), ക്യാമ്പ് ഓഫീസുകളുടെ സജ്ജീകരണം, |

| | | | |
|---|---|---|---|
| | | | സർവെ കല്ലുകളുടെ സ്റ്റോക്കിംഗ്, വാഹനങ്ങളുടെ സജ്ജീകരണം തുടങ്ങിയ നടപടികളും പ്രാരംഭമായി സ്വീകരിക്കേണ്ടതുണ്ടായിരുന്നു. അതായത് പ്രാരംഭ പ്രവർത്തനങ്ങൾക്ക് വേണ്ടി വന്ന കാലയളവിൽ സർവെ ചെയ്ത് വിസ്തൃതിയിൽ കുറവായിട്ടുണ്ട്. 03/08/2023 മുതൽ 11/06/2024 വരെയുള്ള 10 മാസക്കാലം കൊണ്ട് 277591 ഹെക്ടർ ഭൂമിയിലെ സർവെ പൂർത്തീകരിക്കാനായിട്ടുണ്ട്. ഈ വിസ്തൃതി കണക്കിലെടുത്താൽ സംസ്ഥാനത്ത് ഡിജിറ്റൽ സർവെ പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാമെന്നത് ഉറപ്പായും പറയാൻ കഴിയും. |
| (ബി) | കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട വസ്തുക്കൾ ഒഴിവാക്കി മറ്റുള്ളവയുടെ ഡിജിറ്റൽ സർവേ നടപടികൾ അതിവേഗം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഡിജിറ്റൽ സർവ്വേയിൽ നടപടി സ്വീകരിക്കാൻ സാധിക്കാത്ത വിധം കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട വസ്തുക്കൾ ഒഴിവാക്കി ഡിജിറ്റൽ സർവേ നടപടികൾ അതിവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട ഭൂമികളിൽ കോടതി വിധി അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (സി) | റീ സർവേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയോഗിക്കുന്നതിനും അത്യാധുനിക സർവേ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ; | (സി) | ഡിജിറ്റൽ റീസർവെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിലവിലുള്ള ജീവനക്കാരെ കൂടാതെ 1500 സർവ്വെയർ, 3200 ഹെൽപ്പർ എന്നിവരെ എംപ്ലോയമെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമനം നടത്തുന്നതിന് സർവെ ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു.<br><br>തുടർന്ന് ഡിജിറ്റൽ സർവെയുടെ ഭാഗമായി ഫാറം 50 രേഖപ്പെടുത്തുന്ന ജോലികൾ ത്വരിതപ്പെടുത്തേണ്ട സാഹചര്യത്തിൽ 700 ഹെൽപ്പർമാരുടെ എണ്ണം കുറച്ച് പകരം 525 കരാർ സർവെയർമാരെ കൂടി നിയമിക്കുന്നതിന് അനുമതി നൽകുകയും, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമായ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പട്ടികയിൽ നിന്നും എഴുത്ത് പരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിൽ സംവരണ തത്വം പാലിച്ചുകൊണ്ടും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ മാർഗ്ഗ നിർദ്ദേശപ്രകാരം 1317 കരാർ സർവെയർമാരെയും, 1953 ഹെൽപ്പർമാരെയും ഡിജിറ്റൽ സർവെ ജോലികൾക്ക് വേണ്ടി നിലവിൽ നിയോഗിച്ചിട്ടുണ്ട്. ശേഷിക്കുന്ന ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു,<br><br>ഡിജിറ്റൽ സർവെ പദ്ധതിക്കായി 1000 RTK മെഷീനുകളും 700 RETS മെഷീനുകളുമാണ് വിഭാവനം |

| | | | |
|---|---|---|---|
| | | | ചെയ്തിരുന്നത്. ഫീൽഡ് ട്രയലുകൾക്ക് ശേഷം, RTK ഉപകരണങ്ങളുടെ കാര്യക്ഷമതയും പ്രകടനവും പ്രതീക്ഷിച്ചതിലും മികച്ചതായി കണ്ടെത്തിയതിനെ തുടർന്ന് 500 R-ETS മെഷീനുകളുടെ എണ്ണത്തിൽ കുറവ് വരുത്തി പകരം 500 RTK മെഷീനുകൾ കൂടുതൽ വാങ്ങിയിട്ടുള്ളതുമാണ്. നിയമപ്രകാരം ടെൻഡർ നടപടികൾ സ്വീകരിച്ചാണ് 1500 RTK, 200 Robotic Total Station, 1700 Tablet PC മെഷീനുകൾ നിലവിൽ വാങ്ങിയിട്ടുള്ളത്. |
| (ഡി) | റീ സർവേ സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും അത് പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവെ നടത്തുന്നത്. സർവെ പൂർത്തിയായ പ്രദേശങ്ങളിലെ റിക്കാർഡുകൾ ഭൂവുടമകൾക്ക് പരിശോധിക്കുന്നതിനായി "എന്റെ ഭൂമി" പോർട്ടലിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതും, അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പോർട്ടൽ മുഖേന തന്നെ അറിയിക്കുന്നതിനുള്ള സംവിധാനം ഉള്ളതുമാണ്.<br><br>കൂടാതെ ഡിജിറ്റൽ സർവെ പദ്ധതിയുടെ ഭാഗമായി വില്ലേജുകളുടെ ഫീൽഡ് സർവെ പൂർത്തിയാകുന്ന മുറയ്ക്ക് വാർഡ് തലത്തിൽ റിക്കാർഡുകൾ പ്രദർശിപ്പിച്ച് റിക്കാർഡുകളുടെ കൃത്യത ഉറപ്പാക്കുകയും, ലഭ്യമായ പരാതികൾ പൂർണ്ണമായും പരഹരിച്ചതിനു ശേഷമാണ് സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരം നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നത്. ഇപ്രകാരം സെക്ഷൻ 9(2) പ്രസിദ്ധീകരിച്ചതിനു ശേഷം വീണ്ടും ഒരു മാസക്കാലം റിക്കാർഡുകൾ പ്രദർശിപ്പിച്ച് ടി കാലയളവിൽ ലഭിക്കുന്ന പരാതികൾ കൂടി പരിഹരിച്ചതിനു ശേഷമാണ് സർവെ അതിരടയാള നിയമ പ്രകാരം സെക്ഷൻ 13 പ്രകാരം വിജ്ഞാപനം പ്രസിദ്ധീകരിച്ച് റിക്കാർഡുകൾ അന്തിമമാക്കുന്നത്. |

സെക്ഷൻ ഓഫീസർ